
# കേരള സർക്കാർ

# കേരള പൊതു വിപണി വില അവലോകനം

## സെപ്തംബർ

## 2018




## പ്രൈസസ് വിഭാഗം

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

## തിരുവനന്തപുരം

## 2018

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

16-10-2018 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

അവലോകനമാസമായ സപ്തംബറിൽ എടുത്തു പറയത്തക്ക പ്രത്യേക സംഭവ വികാസങ്ങൾ ഒന്നുമില്ലാതെ വിപണി കടന്നുപോയി. പ്രളയത്തെ തുടർന്നുണ്ടായ കൃഷിനാശം അവലോകനമാസമാസത്തിലെ വിപണി വിലയെ കാര്യമായി ബാധിച്ചിട്ടില്ല എന്നാണു വിലനിലവാരം മൊത്തത്തിൽ പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത്. പ്രളയത്തെ തുടർന്ന് തടസ്സപ്പെട്ട റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗതം പൂർണ്ണ തോതിൽ പുനരാരംഭിച്ചതോടെ വിപണി സാധാരണ നിലയിൽ ആവുകയും സാധനങ്ങളുടെ ലഭ്യത വർദ്ധിച്ചതിനെ തുടർന്ന് വില കുറയുകയും ചെയ്തു.

വിപണിയിൽ പൊതുവെ വിലക്കയററം ഒഴിഞ്ഞു നിന്ന ഒരു മാസമായിരുന്നു കടന്നു പോയത് എന്നു പറയാം ഏതാണ്ട് എല്ലാ ഇനം പച്ചക്കറികളുടെയും വിലയിൽ കുറവ് ദൃശ്യമായിരുന്നു.

വിപണി വിലയെ അവലോകനമാസത്തിൽ പ്രളയം കാര്യമായി ബാധിച്ചില്ലെങ്കിലും ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധനവ് ഇതേ രീതിയിൽ മുന്നോട്ട് പോവുകയാണെങ്കിൽ അത് രൂക്ഷമായ വിലക്കയററത്തിലേക്കായിരിക്കും നയിക്കുക. നിലവിൽ ചാർജ് വർദ്ധിപ്പിക്കണമെന്ന ആവശ്യവുമായി ഗതാഗത രംഗത്തുള്ളവർ വന്നുകഴിഞ്ഞു. ഇത് ഏററവും കൂടുതൽ ബാധിക്കാൻ സാധ്യതയുള്ള സംസ്ഥാനം കേരളമായിരിക്കും .എന്നാൽ 2019 ൽ പൊതു തിരഞ്ഞെടുപ്പ് നടക്കാനിരിക്കെ ഇന്ധനവിലയിൽ ഇനി കാര്യമായ വർദ്ധനവിനു സാദ്ധ്യത ഇല്ലെന്നും ഒരുപക്ഷെ വില കുറയാൻ ഇടയുണ്ടെന്നുമാണു വിപണിയിൽ നിന്നുള്ള നിരീക്ഷണം.


കേന്ദ്ര കാർഷിക മന്ത്രാലയം ഖാരിഫ് വിളകളുടെ 2018-19 ലെ ഒന്നാം അഡ്വാൻസ് എസ്റ്റിമേററ് റിപ്പോർട്ട് സപ്തംബർ 26 നു പുറത്തുവിട്ടു. സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രാഥമികയായ കണക്കുകൾ വച്ചുള്ള എസ്റ്റിമേററ് ആണെങ്കിലും ഇതൊരു സൂചകമായി എടുക്കാവുന്നതാണു. ഉൽപാദക സംസ്ഥാനങ്ങളിൽ സാധാരണ തോതിലുള്ള മഴ ലഭിച്ചതിനാൽ ധാന്യവിളകളുടെ ഉൽപാദനത്തിൽ ചെറിയ തോതിലുള്ള വർദ്ധനവ് ഉണ്ടാവുമെന്നാണു നിരീക്ഷണം. 2018-19 വർഷത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 0.86 മില്ല്യൺ ടണ്ണിന്റെ ഉൽപാദന വർദ്ധനവ് ധാന്യ വിളകളിൽ ഉണ്ടാവുമെന്നാണു നിരീക്ഷിക്കുന്നത്. നെല്ലുൽപാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ1.74 മില്ല്യൺ ടണ്ണിന്റെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.അതേ സമയം പയർ വർഗ്ഗങ്ങളുടെ ഉൽപാദനത്തിൽ നേരിയൊരു കുറവ് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ വർഷത്തേക്കാൾ ഉൽപാദനത്തിൽ 0.12 മില്ല്യൺ ടണ്ണിന്റെ കുറവുണ്ടാകുമെന്നാണു റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

## I. ധാന്യങ്ങൾ

അവലോകനമാസമായ സപ്തംബറിൽ അരിയുടെ വില നേരിയൊരു ഏററക്കുറച്ചിലുകളോടെ നിലകൊണ്ടു. മാസാദ്യം നേരിയൊരു വിലക്കയററം ദൃശ്യമായിരുന്നെങ്കിലും പിന്നീട് വിലയിൽ കുറവ് രേഖപ്പെടുത്തി. വിപണിയിൽ അരിയുടെ ലഭ്യത ആവശ്യത്തിനു ഉള്ളതിനാലും മററ് സംസ്ഥാനങ്ങളിൽ നിന്നുള്ള അരിയുടെ ലഭ്യതയും കണക്കിലെടുക്കുമ്പോൾ ഒക്ടോബർ മാസത്തിലും അരിയുടെ വിലയിൽ കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നില്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഖാരിഫ് വിളകളുടെ 2018-19 ലെ ഒന്നാം അഡ്വാൻസ് എസ്റ്റിമേററ് റിപ്പോർട്ട് പ്രകാരം നെല്ലുൽപാദനത്തിൽ  കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1.74 മില്ല്യൺ ടണ്ണിന്റെ വർദ്ധനവ് സൂചിപ്പിക്കുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ശുഭസൂചകമായ വാർത്തയാണ്.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **44.02** | **39.34** | **39.75** | **1.04** | **-9.70** |
| 2 | ചമ്പ | കിലോഗ്രാം | **42.13** | **44.00** | **44.00** | **0.00** | **4.44** |
| 3 | റോസ് | കിലോഗ്രാം | **43.73** | **39.63** | **39.95** | **0.81** | **-8.64** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **38.25** | **36.40** | **36.38** | **-0.05** | **-4.89** |
| 5 | ജയ | കിലോഗ്രാം | **40.88** | **36.34** | **36.15** | **-0.53** | **-11.57** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.23** | **33.11** | **33.98** | **2.64** | **5.43** |




## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ ചെറുപയർ, ചെറുപയർ പരിപ്പ് എന്നിവയുടെ വിലയിൽ കഴിഞ്ഞ മാസത്തിൽ കണ്ടുവന്ന കുറവ് അവലോകനമാസമായ സപ്തംബറിലും തുടർന്നു. കടല , പീസ് പരിപ്പ് എന്നിവയുടെ വിലയിൽ വർദ്ധനവ് തുടർന്നു. ഒക്ടോബറിൽ പൊതുവെ പയർ വർഗ്ഗങ്ങളിൽ വിലക്കുറവ് ഉണ്ടാവാനുള്ള സാധ്യത ഉണ്ടെന്നാണു വിപണിയിൽ നിന്നുള്ള വിവരം.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഖാരിഫ് വിളകളുടെ 2018-19 ലെ ഒന്നാം അഡ്വാൻസ് എസ്റ്റിമേററ് റിപ്പോർട്ടിൽ പയർ വർഗ്ഗങ്ങളുടെ ഉൽപാദനത്തിൽ 0.12 മില്ല്യൺ ടണ്ണിന്റെ കുറവ് പ്രതീക്ഷിക്കുന്നു.


| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.82 | 89.24 | 85.98 | -3.65 | -0.97 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 92.21 | 90.14 | 89.63 | -0.57 | -2.80 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 101.78 | 80.90 | 80.78 | -0.15 | -20.63 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 96.45 | 79.77 | 79.89 | 0.15 | -17.17 |
| 5 | വൻപയർ | കിലോഗ്രാം | 77.57 | 68.30 | 67.39 | -1.33 | -13.12 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 86.71 | 81.19 | 79.98 | -1.49 | -7.76 |
| 7 | കടല(വലുത്) | കിലോഗ്രാം | 97.69 | 73.04 | 74.98 | 2.66 | -23.25 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 85.06 | 64.25 | 66.19 | 3.02 | -22.18 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 41.38 | 56.55 | 58.50 | 3.45 | 41.37 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.95 | 68.71 | 68.88 | 0.26 | -5.58 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

ഈ ഇനത്തിൽ ഏതാണ്ട് എല്ലാ സാധനങ്ങൾക്കും അവലോകനമാസമായ സപ്തംബറിൽ വിലക്കുറവ് അനുഭവപ്പെട്ടു. ഇറച്ചിക്കോഴിയുടെ വില തുടർച്ചയായി 100 രൂപയിൽ താഴെ നിൽക്കുകയാണ്. എന്നാൽ മാസാവസാനം ചെറിയൊരു വർദ്ധനവിന്റെ ലക്ഷണം കാണിച്ചു എങ്കിലും ഒക്ടോബറിൽ കാര്യമായ ഒരു വില വർദ്ധനവിനുള്ള സാഹചര്യം ഇല്ലെന്നാണു വിപണിയിൽ നിന്നുള്ള വിവരം. കോഴിമുട്ടയുടെ വിലയിൽ അവലോകനമാസത്തിൽ കുറവ് ദൃശ്യമായിരുന്നു. മാസത്തിന്റെ മധ്യത്തിൽ ചെറിയൊരു വിലക്കയററം ദൃശ്യമായെങ്കിലും പിന്നീട് വിലസ്ഥിരത നിലനിർത്തി ഒക്ടോബർ മാസത്തിലും കാര്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല എങ്കിലും ഒക്ടോബർ അവസാനത്തിലോ നവംബറിലോ വർദ്ധനവിനുള്ള സാധ്യതയുണ്ട്. തേയിലയുടെ വിലയിൽ മാസാവസാനം ചെറിയൊരു വർദ്ധനവ് രേഖപ്പെടുത്തി. പ്രളയം കേരളത്തിലെ തേയില കൃഷിയിൽ വ്യാപകമായ നാശം വരുത്തിയിട്ടുണ്ട്, പഞ്ചസാരയുടെ വിലയിൽ തുടർച്ചയായ കുറവ് രേഖപ്പെടുത്തി, വില നാൽപത് രൂപയിൽ താഴെയായി ഏതാണ്ട് സ്ഥിരത കൈവരിക്കുകയാണ്. ഒക്ടോബറിലുംകാര്യമായ മാററം പ്രതീക്ഷിക്കുന്നില്ല


| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 43.50 | 39.37 | 38.20 | -2.97 | -12.18 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 143.48 | 152.04 | 149.27 | -1.82 | 4.04 |
| 3 | ശർക്കര | കിലോഗ്രാം | 60.09 | 56.14 | 53.71 | -4.33 | -10.62 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 52.48 | 55.83 | 49.75 | -10.89 | -5.20 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 513.39 | 539.07 | 545.24 | 1.14 | 6.20 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 97.46 | 100.74 | 88.49 | -12.16 | -9.20 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.95 | 147.81 | 147.26 | -0.37 | -0.47 |
| 8 | കാപ്പിപൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.90 | 162.00 | 161.62 | -0.23 | 0.45 |



## IV. എണ്ണയും എണ്ണക്കുരുക്കളും

അവലോകനമാസമായ സപ്തംബറിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കാര്യമായ കുറവ് ദൃശ്യമായി. തമിഴ്നാടിൽ നിന്നും പാലക്കാട് വഴി തേങ്ങയുടെയും, വെളിച്ചെണ്ണയുടെയും കൊപ്രയുടെയും വരവ് കൂടിയതാണു വില കുറയാൻ കാരണമെന്നു വിപണി വൃത്തങ്ങൾ അറിയിച്ചു. ഒക്ടോബർ മാസത്തിലും ഈ കുറവ് തുടരാൻ ഇടയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന. ഈ വിഭാഗത്തിൽ മററ് എല്ലാ എണ്ണ ഇനങ്ങളുടെയും വിലയിൽ വർദ്ധനവാണു കാണുന്നത്.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 181.54 | 205.08 | 195.93 | -4.46 | 7.93 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 141.94 | 148.50 | 154.56 | 4.08 | 8.89 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.23 | 94.58 | 96.23 | 1.74 | 7.84 |
| 4 | നല്ലെണ്ണ | ലിററർ | 145.59 | 173.60 | 184.41 | 6.23 | 26.66 |
| 5 | കടുക് എണ്ണ | ലിററർ | 139.40 | 137.40 | 142.40 | 3.64 | 2.15 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 93.11 | 96.43 | 96.39 | -0.04 | 3.52 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.33 | 95.75 | 97.06 | 1.37 | 8.65 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 198.71 | 198.30 | 185.36 | -6.53 | -6.72 |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ സപ്തംബറിൽ കുരുമുളകിന്റെ വില കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് അൽപം വർദ്ധിച്ചിട്ടുണ്ടെങ്കിലും മാസത്തിന്റെ ആദ്യത്തെ ആഴ്ചയിൽ കുതിച്ചുകയറിയ കുരുമുളകിന്റെ വില പിന്നീട് ഇറക്കുമതി കുരുമുളകിന്റെ ആധിക്യം കാരണം കുറഞ്ഞുവന്നു. ഉത്തരേന്ത്യയിൽ നിന്നുള്ള ഡിമാന്റ് നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ത്യൻ കുരുമുളകിനേക്കാൾ വിലക്കുറവുള്ള വിയററ്നാം, ഇന്തോനേഷ്യ, ശ്രീലങ്ക എന്നിവിടങ്ങളിൽനിന്നുള്ള കുരുമുളകാണു കൂടുതലായി വിററു പോവുന്നത്. നിലവിലെ സ്ഥിതിയിൽ കുരുമുളകിന്റെ വിലയിൽ ഒക്ടോബർ മാസത്തിലും കാര്യമായ മാററം ഉണ്ടാവാനിടയില്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

ഉള്ളിയുടെ വിലയിൽ കാര്യമായ കുറവ് ഈ കാലയളവിൽ രേഖപ്പെടുത്തി, എന്നാൽ ഒക്ടോബർ മാസത്തിൽ ഉള്ളിയുടെ വില വർദ്ധിക്കാനുള്ള സാദ്ധ്യത ഉണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന


| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 90.41 | 82.67 | 83.18 | 0.62 | -8.00 |
| 2 | മുളക് | കിലോഗ്രാം | 89.70 | 125.46 | 126.11 | 0.52 | 40.59 |
| 3 | ഉള്ളി | കിലോഗ്രാം | 97.95 | 53.47 | 38.25 | -28.46 | -60.95 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 130.74 | 162.36 | 163.75 | 0.86 | 25.25 |
| 5 | ജീരകം | 100 ഗ്രാം | 28.66 | 29.70 | 29.64 | -0.20 | 3.42 |
| 6 | കടുക് | 100 ഗ്രാം | 8.94 | 8.83 | 9.00 | 1.93 | 0.67 |
| 7 | ഉലുവ | 100 ഗ്രാം | 9.90 | 9.30 | 9.47 | 1.83 | -4.34 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.30 | 18.26 | 18.25 | -0.05 | -0.27 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 8.88 | 7.03 | 6.75 | -3.98 | -23.99 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 572.79 | 454.46 | 470.51 | 3.53 | -17.86 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ സപ്തംബറിൽ കിഴങ്ങു വർഗ്ഗങ്ങളിൽ മരച്ചീനി ഒഴികെയുള്ള എല്ലാ ഇനങ്ങൾക്കും വിലക്കുറവ് അനുഭവപ്പെട്ടു. ബീററ്റൂട്ട്, കാരററ് എന്നിവയുടെ വിലയിൽ കാര്യമായ കുറവുണ്ടായി പ്രളയത്തിൽ ഏററവും കൂടുതൽ കൃഷി നാശം സംഭവിച്ച ഇനങ്ങളിൽ ഒന്നായ മരച്ചീനിയുടെ വിലയിൽ കാര്യമായ വർദ്ധനവ് ഈ കാലയളവിൽ രേഖപ്പെടുത്തി എന്നാൽ മാസാവസാനം വിലസ്ഥിരതയുടെതായ ഒരു പ്രവണത കാണുന്നു.


| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **40.79** | **36.34** | **34.16** | **-6.00** | **-16.25** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **24.90** | **23.95** | **25.19** | **5.18** | **1.16** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **23.96** | **35.40** | **32.57** | **-7.99** | **35.93** |
| 4 | ചേമ്പ് | കിലോഗ്രാം | **62.79** | **60.37** | **54.39** | **-9.91** | **-13.38** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **42.29** | **39.75** | **30.36** | **-23.62** | **-28.21** |
| 6 | കാരററ് | കിലോഗ്രാം | **49.25** | **64.49** | **54.59** | **-15.35** | **10.84** |



## VII. പച്ചക്കറി ഇനങ്ങൾ

അവലോകന മാസത്തിൽ പച്ചക്കറികളുടെ വില പരിശോധിക്കുമ്പോൾ വളരെ അപൂർവ്വമായി മാത്രം കാണുന്ന ഒരു പ്രവണതയാണു ശ്രദ്ധയിൽ പെട്ടത്. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് എല്ലാ ഇനങ്ങളുടെയും വിലയുടെ ഗ്രാഫ് താഴേക്ക് പോയിരിക്കുന്നു എല്ലാ ഇനങ്ങളുടെയും വില അവലോകനമാസമായ സപ്തംബറിൽ കഴിഞ്ഞ മാസത്തെ അപേക്ഷിച്ചു കാര്യമായ കുറവുണ്ടായി. തക്കാളി,കബേജ്,വഴുതന,ബീൻസ്,വെണ്ടയ്ക്ക എന്നിവയുടെ വില മാസത്തിന്റെ മധ്യത്തിൽ അൽപം വർദ്ധിച്ചെങ്കിലും പിന്നീട് കുറഞ്ഞു.മററ് സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളുടെ വരവ് കാര്യമായി വർദ്ധിച്ചതാണു വിലക്കുറവിനു കാരണമെന്നു വിപണി വൃത്തങ്ങൾ അറിയിച്ചു. സവാളയുടെ വിലയിൽ കാര്യമായ കുറവുണ്ടായി സവാളയുടെ വിലയിൽ ഒക്ടോബർ മാസം അവസാനത്തോടെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുണ്ടെന്നു വിപണി വൃത്തങ്ങൾ അറിയിച്ചു.


| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 28.96 | 24.57 | 19.80 | -19.41 | -31.63 |
| 2 | വഴുതന | കിലോഗ്രാം | 36.60 | 37.83 | 33.34 | -11.87 | -8.91 |
| 3 | മത്തങ്ങ | കിലോഗ്രാം | 22.82 | 23.91 | 20.25 | -15.31 | -11.26 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.89 | 33.13 | 20.96 | -36.73 | 0.34 |
| 5 | വെണ്ടക്ക | കിലോഗ്രാം | 31.62 | 44.24 | 32.48 | -26.58 | 2.72 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 54.04 | 49.39 | 37.13 | -24.82 | -31.29 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 59.90 | 66.75 | 52.20 | -21.80 | -12.85 |
| 8 | കാബേജ് | കിലോഗ്രാം | 34.16 | 32.24 | 27.88 | -13.52 | -18.38 |
| 9 | പാവയ്ക്ക | കിലോഗ്രാം | 49.36 | 59.85 | 50.41 | -15.77 | 2.13 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 27.09 | 30.43 | 23.73 | -22.02 | -12.40 |
| 11 | പടവലങ്ങ | കിലോഗ്രാം | 39.01 | 44.73 | 35.21 | -21.28 | -9.74 |
| 12 | തക്കാളി | കിലോഗ്രാം | 27.69 | 23.50 | 19.68 | -16.26 | -28.93 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.95 | 6.28 | 4.72 | -24.84 | -4.65 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 56.20 | 55.56 | 44.84 | -19.29 | -20.21 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 42.78 | 34.08 | 32.61 | -4.31 | -23.77 |



## VIII. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ സമ്മിശ്രമായ ഒരു പ്രവണതയാണു ശ്രദ്ധയിൽപ്പെട്ടത്. മാങ്ങ, തണ്ണിമത്തൻ എന്നിവ സീസൺ അല്ലാത്തതിനാൽ വില കാര്യമായി വർദ്ധിച്ചു.ഏത്തപ്പഴത്തിന്റെ വിലയിൽ കുറവുണ്ടായെങ്കിലും വാഴപ്പഴങ്ങളുടെ വിലയിൽ വർദ്ധനവ് ദൃശ്യമായി. പ്രളയത്തിൽ വ്യാപകമായ നാശനഷ്ടം വാഴകൃഷിയിൽ സംഭവിച്ചിട്ടുണ്ട്, ഇത് വാഴപ്പഴത്തിന്റെ വിലയിൽ പ്രതിഫലിച്ചിട്ടുണ്ടെന്നാണു വിപണിയിൽ നിന്നും ലഭ്യമായ വിവരം.


| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 145.30 | 107.53 | 132.61 | 23.32 | -8.74 |
| 2 | മുസമ്പി | കിലോഗ്രാം | 54.69 | 55.85 | 53.85 | -3.58 | -1.55 |
| 3 | മാതളം | കിലോഗ്രാം | 93.17 | 91.75 | 90.21 | -1.68 | -3.18 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 115.15 | 132.51 | 115.67 | -12.71 | 0.45 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 67.22 | 62.52 | 51.35 | -17.87 | -23.61 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 44.04 | 32.29 | 35.38 | 9.54 | -19.68 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 78.11 | 57.06 | 68.05 | 19.26 | -12.88 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 62.17 | 50.91 | 54.56 | 7.17 | -12.24 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 35.77 | 29.00 | 28.83 | -0.60 | -19.41 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 112.49 | 71.39 | 119.90 | 67.94 | 6.59 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 25.19 | 19.45 | 30.29 | 55.69 | 20.25 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 88.93 | 89.31 | 87.14 | -2.43 | -2.01 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 69.22 | 77.91 | 87.39 | 12.16 | 26.24 |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകനമാസമായ സപ്തംബറിൽ സിമന്റിന്റെ വില മാസാരംഭത്തിൽ കുറവ് രേഖപ്പെടുത്തിയെങ്കിലും മാസാവസാനം വർദ്ധനവിന്റെ പ്രവണത കാണിച്ചു. സിമന്റിന്റെ വില ഇപ്പോഴും 400 രൂപയ്ക്കു മുകളിൽ നിൽക്കുകയാണു. സ്റ്റീലിന്റെ വില ആദ്യത്തെ രണ്ടാഴ്ചകളിൽ വിലസ്ഥിരത കൈവരിച്ചുവെങ്കിലും പിന്നീട് വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **19.87** | **20.21** | **20.00** | **-1.04** | **0.65** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **27.77** | **28.07** | **28.05** | **-0.07** | **1.01** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **507.14** | **503.33** | **497.78** | **-1.10** | **-1.85** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **390.16** | **405.38** | **403.54** | **-0.45** | **3.43** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **385.16** | **399.75** | **397.92** | **-0.46** | **3.31** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **44.27** | **54.79** | **55.61** | **1.50** | **25.62** |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 44.02 | 39.34 | 39.75 | 1.04 | -9.70 |
| 2 | ചമ്പ | കിലോഗ്രാം | 42.13 | 44.00 | 44.00 | 0.00 | 4.44 |
| 3 | റോസ് | കിലോഗ്രാം | 43.73 | 39.63 | 39.95 | 0.81 | -8.64 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 38.25 | 36.40 | 36.38 | -0.05 | -4.89 |
| 5 | ജയ | കിലോഗ്രാം | 40.88 | 36.34 | 36.15 | -0.53 | -11.57 |
| 6 | ഗോതമ്പ് | കിലോഗ്രാം | 32.23 | 33.11 | 33.98 | 2.64 | 5.43 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 86.82 | 89.24 | 85.98 | -3.65 | -0.97 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 92.21 | 90.14 | 89.63 | -0.57 | -2.80 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 101.78 | 80.90 | 80.78 | -0.15 | -20.63 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 96.45 | 79.77 | 79.89 | 0.15 | -17.17 |
| 5 | വൻപയർ | കിലോഗ്രാം | 77.57 | 68.30 | 67.39 | -1.33 | -13.12 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 86.71 | 81.19 | 79.98 | -1.49 | -7.76 |
| 7 | കടല(വലുത്) | കിലോഗ്രാം | 97.69 | 73.04 | 74.98 | 2.66 | -23.25 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 85.06 | 64.25 | 66.19 | 3.02 | -22.18 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 41.38 | 56.55 | 58.50 | 3.45 | 41.37 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.95 | 68.71 | 68.88 | 0.26 | -5.58 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 43.50 | 39.37 | 38.20 | -2.97 | -12.18 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 143.48 | 152.04 | 149.27 | -1.82 | 4.04 |
| 3 | ശർക്കര | കിലോഗ്രാം | 60.09 | 56.14 | 53.71 | -4.33 | -10.62 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 52.48 | 55.83 | 49.75 | -10.89 | -5.20 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 513.39 | 539.07 | 545.24 | 1.14 | 6.20 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 97.46 | 100.74 | 88.49 | -12.16 | -9.20 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.95 | 147.81 | 147.26 | -0.37 | -0.47 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 160.90 | 162.00 | 161.62 | -0.23 | 0.45 |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 181.54 | 205.08 | 195.93 | -4.46 | 7.93 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 141.94 | 148.50 | 154.56 | 4.08 | 8.89 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.23 | 94.58 | 96.23 | 1.74 | 7.84 |
| 4 | നല്ലെണ്ണ | ലിററർ | 145.59 | 173.60 | 184.41 | 6.23 | 26.66 |
| 5 | കടുക് എണ്ണ | ലിററർ | 139.40 | 137.40 | 142.40 | 3.64 | 2.15 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 93.11 | 96.43 | 96.39 | -0.04 | 3.52 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.33 | 95.75 | 97.06 | 1.37 | 8.65 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 198.71 | 198.30 | 185.36 | -6.53 | -6.72 |

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 90.41 | 82.67 | 83.18 | 0.62 | -8.00 |
| 2 | മുളക് | കിലോഗ്രാം | 89.70 | 125.46 | 126.11 | 0.52 | 40.59 |
| 3 | ഉള്ളി | കിലോഗ്രാം | 97.95 | 53.47 | 38.25 | -28.46 | -60.95 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 130.74 | 162.36 | 163.75 | 0.86 | 25.25 |
| 5 | ജീരകം | 100 ഗ്രാം | 28.66 | 29.70 | 29.64 | -0.20 | 3.42 |
| 6 | കടുക് | 100 ഗ്രാം | 8.94 | 8.83 | 9.00 | 1.93 | 0.67 |
| 7 | ഉലുവ | 100 ഗ്രാം | 9.90 | 9.30 | 9.47 | 1.83 | -4.34 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.30 | 18.26 | 18.25 | -0.05 | -0.27 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 8.88 | 7.03 | 6.75 | -3.98 | -23.99 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 572.79 | 454.46 | 470.51 | 3.53 | -17.86 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 40.79 | 36.34 | 34.16 | -6.00 | -16.25 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 24.90 | 23.95 | 25.19 | 5.18 | 1.16 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 23.96 | 35.40 | 32.57 | -7.99 | 35.93 |
| 4 | ചേമ്പ് | കിലോഗ്രാം | 62.79 | 60.37 | 54.39 | -9.91 | -13.38 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 42.29 | 39.75 | 30.36 | -23.62 | -28.21 |
| 6 | കാരററ് | കിലോഗ്രാം | 49.25 | 64.49 | 54.59 | -15.35 | 10.84 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 28.96 | 24.57 | 19.80 | -19.41 | -31.63 |
| 2 | വഴുതന | കിലോഗ്രാം | 36.60 | 37.83 | 33.34 | -11.87 | -8.91 |
| 3 | മത്തങ്ങ | കിലോഗ്രാം | 22.82 | 23.91 | 20.25 | -15.31 | -11.26 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 20.89 | 33.13 | 20.96 | -36.73 | 0.34 |
| 5 | വെണ്ടക്ക | കിലോഗ്രാം | 31.62 | 44.24 | 32.48 | -26.58 | 2.72 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 54.04 | 49.39 | 37.13 | -24.82 | -31.29 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 59.90 | 66.75 | 52.20 | -21.80 | -12.85 |
| 8 | കാബേജ് | കിലോഗ്രാം | 34.16 | 32.24 | 27.88 | -13.52 | -18.38 |
| 9 | പാവയ്ക്ക | കിലോഗ്രാം | 49.36 | 59.85 | 50.41 | -15.77 | 2.13 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 27.09 | 30.43 | 23.73 | -22.02 | -12.40 |
| 11 | പടവലങ്ങ | കിലോഗ്രാം | 39.01 | 44.73 | 35.21 | -21.28 | -9.74 |
| 12 | തക്കാളി | കിലോഗ്രാം | 27.69 | 23.50 | 19.68 | -16.26 | -28.93 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.95 | 6.28 | 4.72 | -24.84 | -4.65 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 56.20 | 55.56 | 44.84 | -19.29 | -20.21 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 42.78 | 34.08 | 32.61 | -4.31 | -23.77 |

| നം | ഇനങ്ങൾ | അളവ് | സപ്തംബർ 2017 | ആഗസ്ത് 2018 | സപ്തംബർ 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **145.30** | **107.53** | **132.61** | **23.32** | **-8.74** |
| 2 | മുസമ്പി | കിലോഗ്രാം | **54.69** | **55.85** | **53.85** | **-3.58** | **-1.55** |
| 3 | മാതളം | കിലോഗ്രാം | **93.17** | **91.75** | **90.21** | **-1.68** | **-3.18** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **115.15** | **132.51** | **115.67** | **-12.71** | **0.45** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **67.22** | **62.52** | **51.35** | **-17.87** | **-23.61** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **44.04** | **32.29** | **35.38** | **9.54** | **-19.68** |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | **78.11** | **57.06** | **68.05** | **19.26** | **-12.88** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **62.17** | **50.91** | **54.56** | **7.17** | **-12.24** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **35.77** | **29.00** | **28.83** | **-0.60** | **-19.41** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **112.49** | **71.39** | **119.90** | **67.94** | **6.59** |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | **25.19** | **19.45** | **30.29** | **55.69** | **20.25** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **88.93** | **89.31** | **87.14** | **-2.43** | **-2.01** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **69.22** | **77.91** | **87.39** | **12.16** | **26.24** |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **19.87** | **20.21** | **20.00** | **-1.04** | **0.65** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **27.77** | **28.07** | **28.05** | **-0.07** | **1.01** |
| 3 | വിറക് (നാടൻ) | ക്വിന്റൽ | **507.14** | **503.33** | **497.78** | **-1.10** | **-1.85** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **390.16** | **405.38** | **403.54** | **-0.45** | **3.43** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **385.16** | **399.75** | **397.92** | **-0.46** | **3.31** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **44.27** | **54.79** | **55.61** | **1.50** | **25.62** |